## പതിനാലാം കേരള നിയമസഭ

## പതിനാലം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2481** **12/03/2020-ലെ മറുപടി**

## കടിവെള്ളക്ഷാമം പരിഹരിക്കാൻ നീക്കിവച്ച തുക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി. ഉണ്ണി :** | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി** |
| മാർച്ച്, ഏപ്രിൽ മാസങ്ങളിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അതിജീവിക്കുന്നതിനുള്ള നടപടികൾക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | വരൾച്ച സമയത്ത് റവന്യൂ അധികൃതർ നടത്തുന്ന കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി എല്ലാവിധ സജ്ജീകരണങ്ങളും ചെയ്യാറുണ്ട് . വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ച് ആയതിനാൽ വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്താനായി ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുവാൻ താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട് . കൂടാതെ ജലസ്രോതസ്സുകളിൽ ഉപ്പ് വെള്ളത്തിന്റെ കടന്നുകയറ്റം തടയാനും വേനൽക്കാലത്ത് താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട് . വേനൽ രൂക്ഷമാകുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിനും റവന്യൂവകുപ്പിനും ടാങ്കറിൽ ജലം എടുക്കുവാനായി പ്രത്യേക വെൻഡിങ് പോയിന്റുകൾ സ്ഥാപിക്കാറുണ്ട് . ഇതുകൂടാതെ പ്രാദേശിക സാഹചര്യം മുൻനിർത്തി സ്രോതസ്സിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, നീരൊഴുക്ക് വർദ്ധിപ്പിക്കുവാനായി ചാനൽ കീറൽ എന്നിവയൊക്കെ ആവശ്യാനുസരണം നടത്തി ജലസ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പ് വരുത്താറുണ്ട് . സംസ്ഥാന പ്ലാൻ ഫണ്ട് , ദുരന്ത പ്രതികരണ നിധി എന്നിവയിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് ഇത്തരം പ്രവർത്തികൾ വാട്ടർ അതോറിറ്റി നടത്തി വരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും വരൾച്ച ദുരിതാശ്വാസ പദ്ധതി ഇനത്തിൽ കുടിവെള്ള സ്കീമുകളുടെ മേൽ പറഞ്ഞ പ്രവർത്തികൾക്ക് 22.15 കോടി രൂപ അനുവദിച്ച ഉത്തരവ് നൽകിയിട്ടുണ്ട് . |

Renuka Sankar
സെക്ഷൻ ഓഫീസർ